# 66. ഡ്രാക്കുള

‘ശൃംഗാരം എന്ന ഒന്നിനെ മാത്രമേ ഞാൻ രസമെന്നു കണക്കാക്കുന്നുള്ളു’ എന്നു് ഭാരതീയ സൗന്ദര്യശാസ്ത്രകാരന്മാരിൽ പ്രമുഖനായിരുന്ന ഭോജരാജാവു് പറയുകയുണ്ടായി. ‘കരുണമൊരു രസം താൻ’ എന്നാണു് പ്രശസ്ത നാടകകാരനായ ഭവഭൂതിയുടെ പക്ഷം. ‘ഭയാനകം’ എന്ന രസത്തിനുള്ളത്ര ആകർഷണം മറ്റൊരു രസത്തിനുമില്ല എന്നു വാദിക്കുന്നവർ ഉണ്ടെങ്കിൽ അവർ, ബ്രാംസ്റ്റോക്കർ എന്ന ഐറിഷ് നോവലെഴുത്തുകാരന്റെ കൃതിയായ ‘ഡ്രാക്കുള’ വായിച്ചു തലകറങ്ങിപ്പോയവരായിരിക്കും.

ബുദ്ധിയുള്ള ആളുകൾ ‘ഡ്രാക്കുള’ വായിച്ചു രസിക്കുന്നതെങ്ങനെ എന്നതു് ആരെയും അമ്പരപ്പിക്കേണ്ട ഒരു ചിന്തയാണു്. ഒരു കഥ നമ്മെ രസിപ്പിക്കണമെങ്കിൽ, ആ കഥ വിശ്വാസ്യമാണെന്ന തോന്നൽ ആദ്യമേ ഉണ്ടാകണമല്ലോ. ‘ഡ്രാക്കുള’യിൽ വിവരിക്കുന്ന സംഭവങ്ങളിൽ ആർക്കും—കൊച്ചുകുട്ടികൾക്കുപോലും—വിശ്വാസമുണ്ടാവുക വയ്യ. പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ നടന്നതായി സങ്കല്പിക്കപ്പെട്ട ഈ കഥയിലെ നായകൻ, പകൽസ്സമയം മുഴുവൻ ശവപ്പെട്ടിയിൽ കഴിച്ചുകൂട്ടുന്ന ഒരു മൃതദേഹമാണു്. പക്ഷേ, അർദ്ധരാത്രിയിൽ ഈ ശവത്തിനു ജീവൻവെക്കുകയും അതു് യുവതികളുടെ കഴുത്തിൽ ദംഷ്ട്രം ആഴ്ത്തി രക്തം കുടിച്ചു് ബലം ആർജിക്കുകയുംചെയ്യുന്നു. ഉള്ളിപ്പൂവും കുരിശും മറ്റുമാണു് ഈ രക്തരക്ഷസ്സിനെ കീഴടക്കാനുള്ള ഉപാധികൾ. ഭോഷ്ക്കുകളും വിഡ്ഢിത്തങ്ങളുമെന്നു് ഒറ്റനോട്ടത്തിൽത്തന്നെ വെളിവാകുന്ന ഇത്തരം സങ്കല്പനങ്ങൾകൊണ്ടു മെടഞ്ഞെടുത്ത ‘ഡ്രാക്കുള’ എന്ന നോവൽ ആകട്ടെ, ലോകസാഹിത്യത്തിലെ ഒരത്ഭുതമായി നിലനില്ക്കുകയുംചെയ്യുന്നു. മിക്ക ഭാഷകളിലും അതിനു വിവർത്തനങ്ങളുണ്ടു്. മലയാളത്തിൽ രണ്ടു വിവർത്തനങ്ങളെങ്കിലും ഉള്ളതായി അറിയാം. എല്ലാ പ്രമുഖഭാഷകളിലുമുള്ള സിനിമകളിൽ പല തവണ ‘ഡ്രാക്കുള’ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടു്. ഈ സിനിമപ്പടങ്ങളുടെ ജനപ്രിയത്വം നിമിത്തം, ബ്രാംസ്റ്റോക്കറുടെ നോവലാണു് അവയ്ക്കാധാരമെന്ന വസ്തുതതന്നെ മനസ്സിലാക്കാത്ത ‘ഡ്രാക്കുള’ പ്രേമികളെ എല്ലാ രാജ്യങ്ങളിലും കാണാം.

ഏതു് വന്യമായ സങ്കല്പത്തിന്റെ അടിയിലും കാണുമല്ലോ ലോലമായ ഒരു യാഥാർത്ഥ്യം. ‘ഡ്രാക്കുള’യുടെ കഥയ്ക്കു് അടിസ്ഥാനം, ക്രിസ്തുവർഷം 1456 മുതൽ 1476 വരെ റുമാനിയയിൽ ജീവിച്ചിരുന്ന വ്ലാദ് എന്ന രാജകുമാരനാണു്. അത്യന്തം ക്രൂരനായിരുന്നുവെങ്കിലും, തുർക്കികളുമായി പോരാടി റുമാനിയയെ മോചിപ്പിക്കുന്നതിൽ വലിയ പങ്കു വഹിച്ച ഈ രാജകുമാരനെ ഒരു ദേശീയനേതാവായി കരുതി ആരാധിക്കുന്നവർ റുമാനിയയിൽ ഇപ്പോഴുമുണ്ടു്. ഡ്രാക്കുളയെക്കുറിച്ചു് പല പ്രബന്ധങ്ങളും നോവലുകളും പ്രസിദ്ധീകരിച്ചിട്ടുള്ള കോർണേലിയു ഇക്കൂട്ടത്തിൽ ഒരാളാണു്. കോർണേലിയുവുമായി ബുക്കാറെസ്റ്റ് നഗരത്തിൽവെച്ചു് ഒരു ക്യൂബൻലേഖകൻ നടത്തിയ അഭിമുഖസംഭാഷണം 1987 മാർച്ച് 22-ലെ ‘ഗ്രാൻമ’ വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ ലേഖനമാണു് ഇങ്ങനെയൊരു കുറിപ്പു് എഴുതാൻ എന്നെ പ്രേരിപ്പിച്ചതു്.

വ്ലാദ്‌രാജകുമാരനെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങൾ ഘനീഭവിച്ചപ്പോൾ, രാജകുമാരന്റെ ചിത്രം മാഞ്ഞുപോവുകയും അതിന്റെ സ്ഥാന

ത്തു് ഡ്രാക്കുളപ്രഭുവിന്റെ ചിത്രം തെളിഞ്ഞുവരുകയുമാണു് ഉണ്ടായതു്. വ്ളാദിന്റെ കഥ ശരിക്ക മനസ്സിലാക്കാത്തതുകൊണ്ടാണോ ആ ചരിത്ര പുരുഷനെ ബ്രാംസ്റ്റോക്കർ ഇത്രയധികം വിരൂപപ്പെടുത്തിയതു്? അതോ, വിഭ്രാമകമായ ഭാവന സ്റ്റോക്കറുടെ ചരിത്രബോധത്തെ കീഴ്പ്പെടുത്തിയതോ? ഏതായാലും ഡ്രാക്കുള കടലാസ്സുകളിൽനിന്നു മാത്രമേ മനുഷ്യച്ചോര കുടിച്ചിട്ടുള്ള എന്നു് കോർണേലിയു ഉറപ്പിച്ചുപറയുന്നു. 'ചരിത്രത്തിൽ സത്യവും കളവും കെട്ടുപിണഞ്ഞുകിടക്കുന്ന ബ്രാംസ്റ്റോക്കറുടെ സങ്കല്പങ്ങളെ ഇനിയെങ്ങനെ ഇല്ലാതാക്കാനാണു്? നമുക്ക ചെയ്യാവുന്നതു് ശരിയായ ഡ്രാക്കുളയെ സങ്കല്പസൃഷ്ടിയായ ഡ്രാക്കുളയിൽനിന്നു വേർതിരിച്ചുകാട്ടുകയാണു്'' എന്നു് അദ്ദേഹം തുടരുന്നു.

ബ്രാംസ്റ്റോക്കർ ഒരിക്കലും റുമാനിയ സന്ദർശിച്ചിട്ടില്ല. അതിനാൽ അദ്ദേഹം തന്റെ കഥാപാത്രമായ ഡ്രാക്കുളയെ റുമാനിയയിലെ ട്രാൻസിൽവാനിയ എന്ന പ്രദേശത്തു പ്രതിഷ്ഠിച്ചു. യഥാർത്ഥത്തിൽ വ്ളാദ് രാജകുമാരൻ പാർത്തുവന്നതു് രാജ്യത്തിന്റെ മറെറാരു ഭാഗത്തു്, 'വാലച്ചിയ'യിൽ ആയിരുന്നു. ഡ്രാക്കുളപ്രഭുവിനെപ്പോലെ, പട്ടുവിരിച്ച ശവപ്പെട്ടിയിൽ കിടക്കാൻ കർമവീരനായ വ്ളാദ് രാജകുമാരനു സമയമുണ്ടായിരുന്നില്ല. നാടെങ്ങും ഓടിനടന്നു് അദ്ദേഹം തുർക്കികൾക്കെതിരെ പടനടത്തി. ആയിരക്കണക്കിനു് തുർക്കിഭടന്മാരെ തടവുകാരായി പിടിച്ചു് വ്ളാദ് കുററികളിൽ തറച്ചുകൊന്നു. ക്രൂരതയിലും വ്ളാദിന്റെ അടുത്തൊന്നുമെത്തുകയില്ല, വല്ലപ്പോഴുമൊരിക്കൽ ഒരു യുവതിയുടെ ചോര കുടിക്കുകമാത്രംചെയ്തിരുന്ന ഡ്രാക്കുളപ്രഭു!

ക്രൂരമായ ഒരു കാലഘട്ടത്തിൽ, വിപ്ലവകരങ്ങളായ സാമൂഹ്യമാററങ്ങളുടെ നടുവിലാണു് ശക്തനായ ഈ രാജകുമാരൻ ജീവിച്ചിരുന്നതു്. രണ്ടരലക്ഷം തുർക്കിപ്പടയാളികളോടു പൊരുതാൻ അദ്ദേഹത്തിനു് ഒരു ലക്ഷം പട്ടാളക്കാരേ ഉണ്ടായിരുന്നുള്ളു. അതിനാൽ, ശത്രുക്കളോടു് അതിക്രൂരമായി അദ്ദേഹത്തിനു പെരുമാറേണ്ടിവന്നു. വ്ളാദ് രാജകുമാരന്റെ വിജയങ്ങൾ അദ്ദേഹത്തെ യൂറോപ്പിൽ പ്രശസ്തനാക്കി. മുസ്ലിങ്ങളെ പരാജയപ്പെടുത്തിയ ഈ ക്രിസ്തീയ രാജകുമാരനെ സഹായിക്കാൻ മാർപ്പാപ്പ വലിയൊരു നിധി ശേഖരിച്ചു. പക്ഷേ, ഈ നിധി വ്ളാദിന്റെ കൈയിൽ കിട്ടിയില്ല. ട്രാൻസിൽവാനിയയിലെ രാജകുമാരനായിരുന്ന കോർവിൻ അതു തട്ടിയെടുത്തു. വ്ളാദ് മരിച്ചുകഴിഞ്ഞെന്നു് ഇയാൾ പ്രചരിപ്പിച്ചു. (യൂറോപ്പിൽ അച്ചടി നടപ്പിൽ വരാൻ തുടങ്ങുന്ന കാലമായിരുന്നു അതു്. പത്രങ്ങളും മററും ഉണ്ടാവാൻ വർഷങ്ങൾ പിന്നെയും ഏറെ കഴിയേണ്ടിയിരുന്നു).

പിന്നീടു് വ്ളാദിനെ കരിതേച്ചു കാണിക്കാനായി കോർവിന്റെ ശ്രമം. വ്ളാദിന്റെ ക്രൂരകൃത്യങ്ങളെപ്പററി പല കെട്ടുകഥകളും ഇയാൾ മൂന്നു ഭാഷകളിൽ അച്ചടിപ്പിച്ചു പ്രചരിപ്പിച്ചു. തന്റെ നിധിമോഷണം പിന്നീടു് മാർപ്പാപ്പ അറിയുമ്പോഴും തനിക്കു നില്ക്കള്ളിയുണ്ടാവാൻ വേണ്ടിയാണു് കോർവിൻ ഇതു ചെയ്തതു്. ഈ കെട്ടുകഥകളാണു് ഐറിഷ് നോവലെഴുത്തുകാരനായ ബ്രാംസ്റ്റോക്കറെ വഴിപിഴപ്പിച്ചതെന്നു് കോർണേലിയു കരുതുന്നു.

വ്ളാദിനു് 'ഡ്രാക്കുള' എന്ന പേരു് എങ്ങനെ വന്നു? വ്ളാദിന്റെ പിതാവിന്റെ പേരു് 'വ്ളാദ് ഡ്രാക്കൾ' എന്നായിരുന്നു. 'ഡ്രാക്'' എന്ന വാക്കിനു് റുമാനിയൻ ഭാഷയിൽ 'ഡ്രാഗൺ' (വ്യാളി) എന്നും ചെകുത്താൻ എന്നും അർത്ഥമുണ്ടു്. 'ഡ്രാഗൺ' ആയിരുന്നു വ്ളാദിന്റെ കുടുംബചിഹ്നം. ഡ്രാക്കളിന്റെ മകനാകയാൽ വ്ളാദ് രാജകുമാരൻ 'ഡ്രാക്കുളേ' എന്നു വിളിക്കപ്പെട്ടു. ഐതിഹ്യങ്ങളിൽ എത്തിയപ്പോൾ ഈ വാക്കിനു് 'രക്തരക്ഷസ്സ്'' എന്ന അർത്ഥം വന്നുപെട്ടു.

വ്ളാദ് രാജകമാരൻ തന്റെ നാട്ടിൽ ധാരാളമുണ്ടായിരുന്ന കൊള്ളക്കാരെ പൂർണമായും അമർച്ചചെയ്തു. അക്കാലത്ത് റുമാനിയയിൽ ഏതെങ്കിലും വഴിവക്കത്ത് ഒരു സ്വർണപ്പാത്രത്തിൽ വെള്ളം വെച്ചിരുന്നാൽ ആളുകൾ ആ വെള്ളം എടുത്തു കുടിക്കുകയും പാത്രം അതേ സ്ഥലത്ത് ഇരിക്കുകയും ചെയ്യുമായിരുന്നുവത്രെ. കൊള്ളക്കാർ ഇല്ലാതായപ്പോൾ കച്ചവടം നാട്ടിൽ വർദ്ധിച്ചു; വിദേശീയരായ വ്യാപാരികൾ റുമാനിയയിൽ വരാൻ തുടങ്ങി. സാമൂഹ്യപുരോഗതിയെ ത്വരിപ്പിക്കുന്നതിൽ വ്ളാദ് അങ്ങനെ വലിയ പങ്കുവഹിച്ചു. റുമാനിയയിൽ ഒരു പുതിയ കാലഘട്ടം അന്ന് ആരംഭിച്ചു. ഇതൊന്നും ബ്രാംസ്റ്റോക്കർ മനസ്സിലാക്കാത്തതിൽ കോർണേലിയുവിനു ഖേദമുണ്ട്.

പക്ഷേ, ഒരു കാര്യം: വ്ളാദിനെപ്പോലെയുള്ള എത്രയോ ഭരണാധികാരികൾ ഓരോ രാജ്യത്തിന്റെ ചരിത്രത്തിലുമില്ലേ? ഡ്രാക്കുളപ്രഭുവോ? ലോകചരിത്രത്തിൽ—ലോകഭാവനാചരിത്രത്തിലായാലും—ഡ്രാക്കുളപ്രഭു ഒന്നുമാത്രമല്ലേ ഉള്ളു? കൗമാരഭാവനകൾക്ക്—നിത്യകൗമാരം മനസ്സിൽ സൂക്ഷിക്കുന്ന മുതിർന്നവരുടെ ഭാവനകൾക്കും—ഭയതാരള്യത്തിൽനിന്ന് ഉളവാകുന്ന വിചിത്രമായ ആഹ്ലാദം അളവററു നൽകിക്കൊണ്ട് ഡ്രാക്കുളപ്രഭു പുസ്തകങ്ങളിലും ഫിലിമുകളിലും എന്നെന്നും ജീവിച്ചിരിക്കുക തന്നെചെയ്യും. ഇതിനു നാം ബ്രാംസ്റ്റോക്കറോടു കൃതജ്ഞരായിരിക്കേണ്ടേ?

(10 മെയ്, 1987)

# 67. ബംഗാളികളുടെ അയ്യപ്പൻ

കേരളത്തിൽ ഇപ്പോൾ ഏററവുമധികം ആരാധന നേടുന്ന ഹിന്ദുദൈവം അയ്യപ്പനാണെന്നു തോന്നുന്നു. ശബരിമലയിലേക്കുള്ള തീർത്ഥയാത്രക്കാരുടെ തിരക്ക് ആണ്ടോടാണ്ടു വർദ്ധിച്ചുവരികയാണ്. ഈ തീർത്ഥയാത്രക്കാരിൽ കേരളീയരോടൊപ്പംതന്നെ തമിഴ്നാട്ടുകാരെയും തെലുങ്കുനാട്ടുകാരെയും ധാരാളമായും, ഉത്തരേന്ത്യക്കാരെ വിരളമായും കാണാം. തീർത്ഥയാത്രക്കാർ വർദ്ധിക്കുന്ന തോതിന് ക്ഷേത്രത്തിലെ നടവരവിലും വർദ്ധനയുണ്ടാകുമല്ലോ. ശബരിമല ക്ഷേത്രത്തിൽ പെരുകിവരുന്ന നടവരവിൽ ഒരു ഭാഗം തീർത്ഥയാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ക്ഷേത്രം മോടിപിടിപ്പിക്കാനുമായി ചെലവഴിക്കപ്പെട്ടുവരികയാണ്. ശ്രീകോവിലിന്റെ മേല്പുരയാകെ സ്വർണം പൂശി. ശബരിമലക്ഷേത്രത്തെ വാച്യാർത്ഥത്തിൽത്തന്നെ 'പൊന്നമ്പലം' ആക്കുവാൻ അധികൃതർ തീരുമാനിച്ചിട്ടുണ്ടത്രേ.

അയ്യപ്പനെ 'ശാസ്താവ്' എന്നും വിളിക്കാറുണ്ട്. ധർമോപദേഷ്ടാവ് എന്ന് അർത്ഥമുള്ള ഈ പദം ബുദ്ധന്റെ പര്യായമായും ഉപയോഗത്തിലിരുന്നു. അതുകൊണ്ടാവണം, ശബരിമലയിലേക്കുള്ള തീർത്ഥാടനം ആദ്യകാലത്ത് ബുദ്ധാരാധനയുടെ ഒരു ഭാഗമായിരുന്നുവെന്നും, ബുദ്ധമതം കേരളത്തിൽ പ്രചാരലുപ്തമായപ്പോഴാണ് അയ്യപ്പൻ (ബുദ്ധൻ) ഹിന്ദുദൈവമായതെന്നും ഒരു വിശ്വാസം നിലവിലുണ്ട്. ബൗദ്ധർക്കിടയിൽ പ്രചാരമുള്ള 'ശരണംവിളി' അയ്യപ്പാരാധനയിലും കാണുന്നു എന്നതു്, അയ്യപ്പൻ മുമ്പ് ബുദ്ധനായിരുന്നു എന്നു വാദിക്കുന്നതിനു തെളിവായി എടുത്തുകാട്ടാറുമുണ്ട്.